പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1551 **01-07-2026-ൽ മറുപടിയ്ക്ക്**

കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിയ്ക്ക് കീഴിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, പരിശീലന കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അനുബന്ധ സൗകര്യങ്ങളും സംയോജിപ്പിച്ച് വികസിപ്പിക്കുന്ന ആരോഗ്യ സംവിധാനമാണ് കേരള ഹെൽത്ത് & ലൈഫ് സിറ്റി. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക, മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക, മെഡിക്കൽ ടൂറിസം വികസിപ്പിക്കുക, ആരോഗ്യ മേഖലയിലെ തൊഴിൽ അവസരം വർധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതിക്കായി 2026 - 27 ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റിക്കുള്ള ബജറ്റ് വിഹിതം നിലവിലെ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ഉപയോഗിക്കുമോ;

മറുപടി: നിലവിൽ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട്, നബാർഡ് ഫണ്ട്, പ്ലാൻ ഫണ്ട്, എൻ എച്ച് എം ഫണ്ട്, LSGD ഫണ്ട്, എം എൽ എ / എം പി ഫണ്ട് എന്നിവ ഉപയോഗിക്കുന്നു. 2026 - 27 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതിയായ കേരള ഹെൽത്ത് ആൻന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിയിൽ ഏതെല്ലാം ആശുപത്രികളും സ്ഥാപനങ്ങളുമാണ് ഉൾപ്പെടുന്നത് ; ആയുർവേദം, ഹോമിയോ തുടങ്ങിയ മറ്റ മേഖലയിലെ ആശുപത്രികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

മറുപടി: മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, പരിശീലന കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയാണ് കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിയിൽ ഉൾപ്പെടുന്നത്. ആയുർവേദം,

ഹോമിയോ തുടങ്ങിയ മറ്റു മേഖലയിലെ ആശുപത്രികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ